*"ഭരണഭാഷ-മാതൃഭാഷ "*

# ***കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ***

**(ഹാജർ : കെ.രാജവർമ്മ തമ്പാൻ)**

***വിഷയം:-*** പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം-ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***പരാമർശം:-*** 1. 26.2.2011 ലെ ജി.ഒ.(പി) 85/2011/(ധന) നമ്പർ സർക്കാർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 01.7.2013ലെ ഇ.4-04/2012. നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 26.7.2013ലെ ഇ.4-04/2012(1). നമ്പർ ഉത്തരവ്
4. പഞ്ചായത്ത് ഡയറക്ടറുടെ 26.7.2013ലെ ഇ.4-04/2012 നമ്പർ ഉത്തരവ്

## ***ഉത്തരവ് നമ്പർ ഇ2-02/2012 തീയതി: 29/7/2013***

*നിലവിലുളള ക്ലാർക്ക്മാർക്ക് സീനിയർ ക്ലാർക്കുമാരായി ഉദ്യോഗകയറ്റം നൽകി കോട്ടയം ജില്ലയിലേക്ക് അലോട്ട് ചെയ്ത് പരാമർശം (3) പ്രകാരവുംപരാമർശം (2) ഉത്തരവ് ഭാഗികമായി ഭേദഗതി ചെയ്ത് പരാമർശം (4) പ്രകാരവും ഉത്തരവായിട്ടുണ്ട് ആയതിന് അനുസൃത മായി കോളം (1) ൽ പറയുന്ന ജീവനക്കാർക്ക് കോളം (2) ൽ പറയുന്ന കാര്യാലയങ്ങളിലേക്ക് നിയ മനം അനുവദിച്ച് ഉത്തരവാകുന്നു.*

| ക്രമ നമ്പർ | കോളം (1) | കോളം (2) |
|---|---|---|
| 1 | സാം ജോസഫ്.<br>തലനാട് ഗ്രാമ പഞ്ചായത്ത് | കാഞ്ഞിരപ്പളളി ഗ്രാമ പഞ്ചായത്ത്<br>(നിലവിലുളള ഒഴിവിൽ) |
| 2 | സിനോജ്.റ്റി.<br>മീനടം ഗ്രാമ പഞ്ചായത്ത് | പാറത്തോട്<br>ഗ്രാമ പഞ്ചായത്ത്<br>(നിലവിലുളള ഒഴിവിൽ) |
| 3 | ജയറാണി.കെ.വി.<br>മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | ഈരാറ്റുപേട്ട<br>ഗ്രാമ പഞ്ചായത്ത്<br>(നിലവിലുളള ഒഴിവിൽ) |
| 4 | അനീഷ്.പി.കെ<br>കല്ലറ(വൈക്കം)<br>ഗ്രാമ പഞ്ചായത്ത് | മരങ്ങാട്ടുപിളളി<br>ഗ്രാമ പഞ്ചായത്ത്<br>(ആനുപാതിക അടിസ്ഥാനത്തിൽ പുനർ നിർണ്ണയിച്ച തസ്തികയിൽ) |
| 5 | രാജലക്ഷ്മി.ആർ.എൽ.<br>മുതുതല ഗ്രാമ പഞ്ചായത്ത്<br>പാലക്കാട് | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം<br>കോട്ടയം<br>(നിലവിലുളള ഒഴിവിൽ) |

പരാമർശം (3) പ്രകാരം ഉദ്യോഗകയറ്റം ലഭിച്ച സീനിയർ ക്ലാർക്കുമാർ പരാമർശം (1) ലെ വ്യവസ്ഥകൾ പ്രകാരം ശമ്പളനിർണ്ണയത്തിനുളള ഇശ്ചാപത്രം ബന്ധപ്പെട്ട ഓഫീസ് മേധാവി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ടി ഉത്ത രവിലെ ക്രമ നമ്പർ 1,2,3,4. എന്നി ജീവനക്കാർക്ക് നൽകിയിട്ടുളള ഉദ്യോഗക്കയറ്റം (1958 ലെ കെ.എസ്&എസ്.എസ്.ആറിലെ റൂൾ

13എ(1)(എ) പ്രകാരം) താൽക്കാലികവും 3 വർഷത്തിനുള്ളിൽ നിർബന്ധിത വകുപ്പ്തല പരീക്ഷകൾ വിജയിക്കണമെന്ന നിബന്ധനയ്ക്ക് വിധേയവുമാണ്.ഈ വിവരം പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകത്തിൽ ബന്ധപ്പെട്ടകാര്യാലയമേധാവി രേഖപ്പെടുത്തേണ്ടതും നിശ്ചിത സമയപരിധിക്കകം നിർബന്ധിത വകുപ്പ്തല പരീക്ഷകൾ വിജയിക്കാത്തപക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട മേലധികാരികളെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

ജീവനക്കാരുടെ വിടുതലും പ്രവേശനവും സംബന്ധിച്ച വിവരങ്ങൾ ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് അധികാരസ്ഥാനങ്ങളിലും യഥാസമയം അറിയിക്കേണ്ടതാണ്. ഈ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റായ **www.lsgkerala.gov.in** നിന്ന് ഡൗൺലോഡ് ചെയ്ത് ഇതുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

*(ഒപ്പ്)*
**കെ.രാജവർമ്മ തമ്പാൻ**
***പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ***

***പകർപ്പ്:***

(1) വ്യക്തികൾക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
(2) ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക്.
(3) ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(4) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ , കോട്ടയം
(5) പഞ്ചായത്ത് ഡയറക്ടർ (ഉപരിപത്രം സഹിതം)
(6) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(7) കരുതൽ /അധികം

**ഉത്തരവിൻ പ്രകാരം**

***സൂപ്രണ്ട്***